ശ്രീ. എസ്. ശർമ്മ : എറണാകുളത്ത് സഹകരണമേഖലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ദ്രുതഗതിയിൽ നടന്നുവരികയാണ്. 60 ഏക്കർ സ്ഥലം ഇതിനകം ഗവൺമെന്റ് തീരുമാനിച്ച് സഹകരണ അക്കാഡമിക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. ഇന്ദിരാഗാന്ധി മെമ്മോറിയൽ സഹകരണ ഹോസ്പിറ്റലുമായി ടൈ അപ്പ് ചെയ്തുകൊണ്ട് അത് ആരംഭിക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതനുസരിച്ച് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയോഗിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ വർഷം ഇത് ആരംഭിക്കുവാൻ ലക്ഷ്യമിട്ടിരുന്നു. ഇപ്പോൾ ഇതിന്റെ പ്രവർത്തനം നടന്നുവരുകയാണ്.

ശ്രീ. കെ.സി. ജോസഫ് : സഹകരണമേഖലയിലുള്ള പരിയാരം മെഡിക്കൽ കോളേജിലെ കോഴ്സുകൾക്ക് ഐ.എം.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ ഐ.എം.സി. നിർദ്ദേശിച്ച വ്യവസ്ഥകൾ ഉടനേ പാലിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ :- ആരോഗ്യവകുപ്പുമന്ത്രിയാണ് ഇതിനു മറുപടി പറയേണ്ടത്.

ശ്രീ. കെ. മുഹമ്മദാലി : കൊച്ചിയിലെ നിർദ്ദിഷ്ട മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. ഇതിന്റെ അനുവാദത്തിനുവേണ്ടി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ അതിന് ഉടൻ അപേക്ഷ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : അടുത്ത ദിവസംതന്നെ അപേക്ഷ സമർപ്പിക്കും.

5 (* 331) യുവജനക്ഷേമം ലക്ഷ്യമാക്കി പദ്ധതികൾ

ശ്രീ. പി.സി. ജോർജ്
ശ്രീ. ആന്റണി രാജു
ശ്രീ. ടി.എസ്. ജോൺ
ഡോ. കെ.സി. ജോസഫ്
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമം ലക്ഷ്യമാക്കി സർക്കാർ പുതുതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) യൂത്ത് സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് യുവജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത്;

(ഡി) ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും യുവശക്തി നാടിന്റെ വികസനത്തിന് വിനിയോഗിക്കുന്നതിനുമുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്. സ്വയംതൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി ഐ.റ്റി.സി. വഴി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. കൂടാതെ ഈ വർഷം മുതൽ കേരളോത്സവത്തിലെ ജില്ലാതല വിജയികൾക്ക് സമ്മാനത്തുക നൽകിവരുന്നു.

(ബി) അത്തരം ഒരു പരിപാടി പരിഗണനയിലുണ്ട്.

(സി) തൊഴില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി യുവജനക്ഷേമ ബോർഡിന് താഴെപ്പറയുന്ന പദ്ധതികളാണുള്ളത്.

(1) തെരഞ്ഞെടുത്ത യുവതീയുവാക്കൾക്ക് ഗവൺമെന്റ് അംഗീകരിച്ച ഐ.റ്റി.സി.കൾ വഴി ആശാരിപ്പണി, കൊത്തൻപണി, വയറിംഗ് പണി എന്നീ ട്രേഡുകളിൽ പരിശീലനം.

(2) വയനാട്ടിലെ കുറിച്യർ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നന്നാക്കുന്നതിന് ആറുമാസം നീണ്ടുനിൽക്കുന്ന പരിശീലനം.

(ഡി) പരിഗണിച്ചുവരുന്നു.

<u>ശ്രീ. പി.സി. ജോർജ്</u> : യുവജനക്ഷേമ കാര്യങ്ങൾക്കുവേണ്ടി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : കേരളത്തിൽ ഒരു യുവജനനയം രൂപീകരിക്കണമെന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും തീരുമാനങ്ങളെടുക്കുന്നതിനും വേണ്ടി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിരുന്നു. ഇതുവരെ അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുമ്പോൾ തീർച്ചയായും അതു സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി.സി. ജോർജ്</u> : എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ട് എത്ര നാളായി? നാളിതുവരെ അതിന്റെ റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണമെന്താണെന്ന് മനസ്സിലാകുന്നില്ല. എത്രയും വേഗം ആ റിപ്പോർട്ട് സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ട് ഒരു വർഷത്തിലധികമായി. കേരളനിയമസഭയിലെ പ്രമുഖരായിട്ടുള്ള നേതാക്കൾതന്നെയാണ് ആ എക്സ്പെർട്ട് കമ്മിറ്റിയിലുള്ളത്. അതിന്റെ റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ല. കിട്ടിയാൽ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ സമർപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രികൂടെയിരുന്ന് സംയുക്തമായ ഒരു യോഗം നടത്തുന്നതിന്റെ താമസംകൊണ്ടാണ് സമർപ്പിക്കാൻ കഴിയാത്തത്. നമ്മുടെ സംസ്ഥാനത്തിലെ യുവാക്കൾക്ക് ഏറ്റവും കൂടുതൽ പങ്കാളിത്തം കിട്ടുന്ന പരിപാടിയെന്നുള്ള നിലയിൽ സംസ്ഥാനത്തൊട്ടാകെ ഈ പ്രാവശ്യം നടന്ന കേരളോത്സവം പരിപാടിയിൽ എത്ര യുവതീയുവാക്കൾ പങ്കെടുത്തിട്ടുണ്ട്? സംസ്ഥാനതലത്തിലുള്ള കേരളോത്സവത്തിന്റെ ക്രമീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്നുള്ളത് വിശദമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഈ വർഷം കേരളോത്സവത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ-മുനിസിപ്പൽ-കോർപ്പറേഷൻ തലങ്ങളിലായി ഏകദേശം മുപ്പത്‌ലക്ഷത്തോളം യുവതീയുവാക്കൾ പങ്കെടുത്തുകാണുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മോൻസ് ജോസഫ് : നമ്മുടെ സംസ്ഥാനത്തിലെ യുവജനങ്ങൾക്ക് തൊഴിൽ കൊടുക്കാൻ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന യുജനക്ഷേമ വകുപ്പിന് ആ പേരുണ്ടെങ്കിൽപോലും അതിനനുസൃതമായ പ്രവർത്തനം നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. ഇപ്പോൾ അങ്ങ് തന്നിട്ടുള്ള മറുപടിയിൽ തൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് പറഞ്ഞത്. പരിശീലനം മാത്രമായിട്ട് നിൽക്കുകയാണ്. മറ്റ് വകുപ്പുകളുടെ പ്രവർത്തനംകൂടി ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങൾക്ക് തൊഴിൽ സാദ്ധ്യതകളുണ്ടാക്കാൻ കഴിയുന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനാവശ്യമായ കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുമോ? ഇപ്പോഴുള്ള ഫണ്ടിന്റെ അവസ്ഥയെന്താണെന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയാണ് എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചത്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ.എം. മാണി : ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുടെ എണ്ണം 31 ലക്ഷമായിരുന്നു. ഇപ്പോൾ അത് 37 ലക്ഷമായി. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുവരാനുള്ള കാരണമെന്താണ്? അതിന് പ്രതിവിധിതേടാൻ ഗവൺമെന്റ് തയ്യാറാകുമോ? അതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : മൊത്തത്തിൽ തൊഴിലില്ലായ്മ ഇൻഡ്യയിൽത്തന്നെവർദ്ധിച്ചുവരികയാണ്. ഈ പ്രശ്നം കേരളത്തിനു മാത്രമായി പരിഹരിക്കപ്പെടാൻ കഴിയുമോയെന്നുള്ള കാര്യം സംശയമാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുന്നരീതിയിൽ ക്രിയാത്മകമായ സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. അതിന് വ്യാവസായിക-കാർഷിക മേഖലകളിലൂടെ തൊഴിൽസാദ്ധ്യത കൂടുതൽ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ജോസ് ബേബി : യുവജനക്ഷേമം ലക്ഷ്യമാക്കിയിട്ടുള്ള പുതിയ പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിനുവേണ്ടി എക്സ്പെർട്ട് കമ്മിറ്റി അതിന്റെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. ഇവിടെ ആ കമ്മിറ്റിയുമായി ബന്ധപ്പെട്ട് ചില സ്ഥലങ്ങൾ സന്ദർശിച്ചു. ഇൻഡ്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളിലും യൂത്ത് വെൽഫെയർ സെന്ററുകളുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ചെറുപ്പക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി വെസ്റ്റ് ബംഗാൾ, ബീഹാർ, കർണ്ണാടക, ആന്ധ്ര തുടങ്ങി എല്ലാ സംസ്ഥാനങ്ങളിലും യൂത്ത് വെൽഫയർ സെന്ററുകളുണ്ട്. അത്തരം സെന്ററുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ, അതിനാവശ്യമായ ഫണ്ട് ധനകാര്യവകുപ്പിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള പരിശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : എല്ലാ ജില്ലകളിലും യൂത്ത് വെൽഫയർ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അതിനുവേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും.

ശ്രീമതി ശോഭനാ ജോർജ്ജ് : യുവജനക്ഷേമ പദ്ധതികൾ തയ്യാറാക്കുന്നതിൽ യുവാക്കളെ പ്രൊജക്ടുചെയ്ത് കൊണ്ടുപോകുന്നതേ കണ്ടിട്ടുള്ളൂ. യുവജനമെന്നുപറയുമ്പോൾ അതിൽ യുവാക്കളും യുവതികളും വരുന്നുണ്ട്. അതുകൊണ്ട് കേരളത്തിലെ പെൺകുട്ടികളുടെ ഉന്നമനത്തിനായി പ്രയോജനപ്പെടുന്ന എന്തെങ്കിലും പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ? രണ്ടായിരാമാണ്ടിലേക്ക് വരികയാണ്. സ്ത്രീകളുടെ കാലംവരികയാണ്. അതുകൊണ്ട് അവർക്ക് കൂടുതൽ പ്രയോജനം വരുന്ന എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പുലി വരുന്നേ പുലി വരുന്നേ എന്ന് പറഞ്ഞ് പേടിപ്പിക്കുന്നതുപോലെയാണ് പറഞ്ഞത്. യുവജനക്ഷേമവകുപ്പിന്റെ കീഴിൽ തീർച്ചയായിട്ടും യുവതികളുടെ കാര്യംകൂടി പരിഗണിക്കുന്നതാണ്. യുവജനക്ഷേമവകുപ്പിന്റെ എക്സ്പെർട്ട് കമ്മിറ്റിയിൽ യുവതികളുണ്ട്. പക്ഷേ യുവതികൾ ആ രംഗത്തേക്ക് കൂടുതലായി വന്നില്ലെന്നാണ് ആ എക്സ്പെർട്ട് കമ്മിറ്റിയിലെ അംഗങ്ങൾ പറയുന്നത്. തീർച്ചയായിട്ടും യുവതികളുടെ കാര്യം പരിഗണിക്കുന്നതും അവരുടെ കാര്യത്തിൽ താൽപ്പര്യമെടുക്കുന്നതുമാണ്.

(b) അടിയന്തിര ചോദ്യത്തിന്റെ ഉത്തരം

6 (1) മലബാർ മേഖലയിലെ കോളേജുകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ, പ്രത്യേകിച്ച് കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ആവശ്യമായ അദ്ധ്യാപകരില്ലാത്തതിനാൽ വിദ്യാർത്ഥികൾ നടത്തുന്ന സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ എത്ര അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ ഒഴിവുകളിലേക്ക് അദ്ധ്യാപകരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) വിദ്യാർത്ഥികൾ ധർണ്ണ നടത്തിയതായും 22.12.99-ൽ ക്ലാസ് ബഹിഷ്കരിച്ചതായും കോളേജ് പ്രിൻസിപ്പൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള തസ്തികകളും ഒഴിവുകളും സംബന്ധിക്കുന്ന വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

ആകെ തസ്തികകൾ	-	103
സ്ഥിരം അദ്ധ്യാപകർ ജോലി നോക്കുന്നത്	-	53
ഗസ്റ്റ് ലക്ചറർമാർ ജോലി നോക്കുന്നവ	-	37

LIBRARY ARCHIVES Kerala Legislative Assembly